# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 182

07.02.2019- ൽ മറുപടിക്ക്

### സഹകരണ മേഖലയെ സംരക്ഷിച്ച് ജനകീയമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.കെ.വിജയൻ<br>,, ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയെ സംരക്ഷിക്കുന്നതിനും കൂടുതൽ ജനകീയമാക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ)<br>• 2016 നവംബർ 8 ലെ നോട്ടുനിരോധനം മൂലം സഹകരണ മേഖലയ്ക്കുണ്ടായ പ്രതിസന്ധികൾ സർക്കാർ ഇടപെടലിലൂടെ അതിജീവിക്കാനായി<br>• കേരള സഹകരണ ചരിത്രത്തിൽ ആദ്യമായി സുസ്ഥിര വികസന സങ്കൽപ്പത്തിലൂന്നി സമഗ്രമായ ഒരു സഹകരണനയം രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു.<br>• വട്ടിപ്പലിശക്കാരിൽ നിന്നും കേരള ജനതയെ സംരക്ഷിക്കുന്നതിനായി "മുറ്റത്തെ മുല്ല" എന്ന പേരിൽ ഒരു മൈക്രോഫിനാൻസ് പദ്ധതി കുടുംബശ്രീയുമായി സഹകരിച്ച് നടപ്പാക്കി. പാലക്കാട് ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കിയ പദ്ധതിയിൽ നാളിതുവരെ 14,300 ഗുണഭോക്താക്കൾക്കായി 38 കോടി രൂപ വിതരണം ചെയ്തു. 2019-20 സാമ്പത്തിക വർഷം "മുറ്റത്തെ മുല്ല" പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കും.<br>• "കർഷകന് മികച്ച വില, ഉപഭോക്താക്കൾക്ക് നല്ല അരി" എന്ന ലക്ഷ്യം മുൻ നിർത്തി പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് സഹകരണ മേഖലയിൽ ഒരു ആധുനിക നെല്ല് സംഭരണ- |

സംസ്കരണകേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നു വരുന്നു. 2019-20 സാമ്പത്തിക വർഷം ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയും. നെല്ലളന്ന ഉടനെ കർഷകന് പണം നൽകുന്നു. കഴിഞ്ഞ സീസണിൽ 300 കോടി രൂപയിലധികം ഈ ഇനത്തിൽ നൽകി.

- സഹകരണ വകുപ്പിന് കീഴിൽ സാഹിത്യപ്രവർത്തക സഹകരണ സംഘം "കൃതി" എന്ന പേരിൽ പുസ്തക, സാഹിത്യ, വിജ്ഞാനോത്സവം സംഘടിപ്പിച്ചു. 'കൃതി'യുടെ രണ്ടാം എഡിഷൻ 2019 ഫെബ്രുവരിയിൽ നടക്കുമ്പോൾ അത് രാജ്യത്തെ പുസ്തക - സാഹിത്യോത്സവങ്ങളുടെ ഒന്നാം ശ്രേണിയിൽ സ്ഥാനം പിടിച്ചു കഴിഞ്ഞു.
- സഹകരണ പരിശീലനം, പഠന - ഗവേഷണം, പ്രസിദ്ധീകരണം എന്നീ മേഖലകളിൽ മികവിന്റെ സ്ഥാപനമായി തിരുവനന്തപുരം മൺവിളയിൽ പ്രവർത്തിച്ചു വരുന്ന അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനെ അന്തരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഈ സ്ഥാപനത്തെ സ്വയംഭരണാധികാര സ്ഥാപനമാക്കി.
- സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തതിന് ശേഷം മരണപ്പെട്ടവർ, മാരക രോഗം ബാധിച്ചവർ എന്നിവർക്കായി രൂപീകരിച്ച റിസ്ക് ഫണ്ട് പദ്ധതിയ്ക്ക് കീഴിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം 18086 പേർക്ക് 142.61 കോടി രൂപ സഹായധനം അനുവദിച്ചു നൽകി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി കഴിഞ്ഞാൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സഹായധനം നൽകുന്ന നിധിയാകാൻ സഹകരണ റിസ്ക് ഫണ്ടിന് കഴിഞ്ഞു.
- സഹകരണ വകുപ്പ് ആധുനിക വൽക്കരണം ദ്രുതഗതിയിൽ

നടന്നുവരുന്നു. 2018-19 വർഷം പുതുതായി 14 അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസുകൾ ആരംഭിച്ചു. 2019-20 വർഷം 14 പുതിയ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

- സഹകരണ സംഘങ്ങൾ മുഖാന്തിരം 20 ലക്ഷത്തിലധികം പാവപ്പെട്ട കുടുംബങ്ങൾക്ക് ക്ഷേമപെൻഷൻ വിതരണം ചെയ്തു. 9 ഘട്ടങ്ങളിലായി 7043 കോടി രൂപ ഈയിനത്തിൽ ജനങ്ങളിൽ എത്തിച്ചു.
- കെ.എസ്.ആർ.ടി.സി പെൻഷൻ വിതരണം ഏറ്റെടുത്തു. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലൂടെ 39000 ത്തിലധികം കെ.എസ്.ആർ.ടി.സി പെൻഷൻകാർക്ക് പെൻഷൻ നൽകി വരുന്നു.
- ഓഖി ദുരന്തത്തിൽപെട്ട ജനസമൂഹത്തെ സഹായിക്കാൻ സഹകരണ ജീവനക്കാരുടെ 2 ദിവസത്തെ ശമ്പളവും സഹകരണ സംഘങ്ങളുടെ പൊതുനന്മാഫണ്ടിൽ നിന്നും പരമാവധി തുകയും ഓഖി ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന ചെയ്തു. 2018 ആഗസ്റ്റ് മാസം സംസ്ഥാനം നേരിട്ട പ്രകൃതി ദുരന്തത്തെ തുടർന്നും സഹകരണ ജീവനക്കാരുടെ ശമ്പളവും സഹകരണസംഘങ്ങളുടെ പൊതുനന്മാഫണ്ടിൽ നിന്നും പരമാവധി തുകയും സംഭാവന ചെയ്തു.
- 2018 ആഗസ്റ്റ് മാസം സംസ്ഥാനം നേരിട്ട പ്രകൃതി ദുരന്തത്തെ നേരിടുന്നതിന് ആശ്വാസവും കൈത്താങ്ങുമായി സഹകരണ മേഖല മുൻപന്തിയിൽ നിന്നു. ദുരിതബാധിതരെ സഹായിക്കുന്നതിനായി CARe Kerala (Co-operative Alliance to Rebuild Kerala) എന്ന പദ്ധതി പ്രഖ്യാപിച്ചു പ്രളയത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ട 2000 കുടുംബങ്ങൾക്ക് 5

ലക്ഷം രൂപ വീതം ചെലവ് ചെയ്ത് പുതിയ വീടുകൾ നിർമ്മിച്ച നൽകുന്ന CARe Home പദ്ധതി പ്രവർത്തനം സംസ്ഥാനത്തെ സഹകരണ മേഖലയിലൂടെ ത്വരിതഗതിയിൽ നടന്നുവരുന്നു. 2019 ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ ഈ വീടുകൾ ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിയും. ഒന്നാം ഘട്ടം 2000 വീടുകൾ നിർമ്മിച്ച നൽകിയതിനുശേഷം രണ്ടാം ഘട്ടമായി 2000 വീടുകൾകൂടെ നിർമ്മിച്ച നൽകാനുള്ള പദ്ധതി ആസൂത്രണം ചെയ്തുവരുന്നു.

CARe Loan പദ്ധതിക്ക് കീഴിൽ സർക്കാർ പ്രഖ്യാപിച്ച RKLS പലിശ രഹിത വായ്പയായി സഹകരണ ബാങ്കുകളിലൂടെ 34936 ഗുണഭോക്താക്കൾക്ക് 388.10 കോടി രൂപ അനുവദിച്ച് നൽകി. നവകേരള നിർമ്മിതിയിൽ സഹകരണ മേഖല നിസ്തുലമായ പങ്ക് വഹിച്ചുവരുന്നു.

- CAPE കോളേജുകളിൽ സഹകരണ ജീവനക്കാരുടെ മക്കൾക്ക് സംവരണം ഏർപ്പെടുത്തി.
- പട്ടികജാതി-പട്ടികവർഗ്ഗ വികസന ഫെഡറേഷനിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. ഫെഡറേഷൻ പ്രവർത്തനലാഭം നേടി കൂടുതൽ മേഖലകളിലേയ്ക്ക്.
- പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുടെ പിന്തുണയോടെ അട്ടപ്പാടിയിൽ സമഗ്ര ആരോഗ്യ പദ്ധതി നടപ്പാക്കി വരുന്നു.
- ഇന്ത്യയിലാദ്യമായി Transgender സഹകരണ സംഘം രൂപീകരിച്ചു.
- കൺസ്യൂമർ ഫെഡ് ഫലപ്രദമായ വിപണി ഇടപെടലുകളിലൂടെ വിലനിലവാരം നിയന്ത്രിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നു. തുടർച്ചയായി പ്രവർത്തനലാഭം നേടി വരുന്നു.
- ഹരിതകേരളം പദ്ധതിയ്ക്ക് പിന്തുണയുമായി "ഹരിതം സഹകരണം"

പദ്ധതി നടപ്പാക്കി വരുന്നു. ജൈവകൃഷി, മഴക്കുഴി നിർമ്മാണം, വൃക്ഷതൈ നടീൽ, മാലിന്യസംസ്കരണം തുടങ്ങീ മേഖലയിൽ സഹകരണ സംഘങ്ങൾ ഇടപെടുന്നു.

- സംസ്ഥാനത്തെ 14 ജില്ലാസഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് "കേരള ബാങ്ക്" രൂപീകരിക്കുന്നതിന് റിസർവ്വ് ബാങ്കിൽ നിന്നും തത്വത്തിലുള്ള അംഗീകാരം ലഭിച്ചു. നാടിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിന്റെ ചാലക ശക്തിയായി മാറാൻ കഴിയുന്ന രീതിയിൽ വിഭാവനം ചെയ്തിട്ടുള്ള "കേരള ബാങ്ക്" 2019-20 സാമ്പത്തിക വർഷം പൂർണ്ണതോതിലുള്ള പ്രവർത്തനത്തിന് സജ്ജമാകും.

(ബി) സ്ത്രീകളുടെ ശാക്തീകരണവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് രൂപീകരിച്ചിട്ടുള്ള വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(ബി) കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് വനിതാ ശാക്തീകരണവും, സാമ്പത്തിക ഉന്നമനവും സാധിതമാക്കുന്നതിന്, സർക്കാർ ധനസഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്. സംഘങ്ങൾക്ക് പ്രധാനമായും ഓഹരി പങ്കാളിത്തം, ഗ്രാന്റുകൾ, സബ്സിഡികൾ വഴി ധനസഹായം നൽകുന്നുണ്ട്. വനിതാ ഫെഡിന് (കേരള സംസ്ഥാന വനിതാ സഹകരണ ഫെഡറേഷൻ), സർക്കാർ ഓഹരിയായി ₹ 40,17,000/- (നാൽപ്പത് ലക്ഷത്തി പതിനേഴായിരം) രൂപയും, ഗ്രാന്റ് സബ്സിഡിയായി ₹ 2,06,03,500/- (രണ്ട് കോടി ആറ് ലക്ഷത്തി മൂവായിരത്തി അഞ്ഞൂറ്) രൂപയും കെട്ടിടം വാങ്ങുന്നതിനുള്ള ഫണ്ട് ആയി ₹ 48,65,000/- (നാൽപ്പത്തിയെട്ട് ലക്ഷത്തി അറുപത്തി അയ്യായിരം) രൂപയും നൽകിയിട്ടുണ്ട്. ഈ തുക ചിലവഴിച്ച് വനിതാ ഫെഡ് തിരുവനന്തപുരത്ത് ഒരു ഷോർട്ട് സ്റ്റേ ഹോം തുടങ്ങിയിട്ടുണ്ട്.

(സി) പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; അവ നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഉണ്ട്.

പൊതുവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയാണ് പ്രസ്തുത വിഭാഗങ്ങളുടെ സഹകരണ സംഘങ്ങൾ നേരിടുന്ന

വെല്ലുവിളികളുടെ അടിസ്ഥാന കാരണങ്ങളായുള്ളത്. ആവശ്യമായ ഓഹരി മൂലധനത്തിന്റെ അഭാവം, പ്രൊഫഷണൽ മികവുള്ളതും, തുടർച്ചയായുള്ളതുമായ നേതൃത്വത്തിന്റെ (ഭരണസമിതി) അഭാവം, സ്ഥിരം പെയ്ഡ് സെക്രട്ടറിയുടെ അഭാവം എന്നിവ പ്രസ്തുത സഹകരണ സംഘങ്ങൾ നേരിടുന്ന വെല്ലുവിളികളാണ്.

(ഡി) ഭവന നിർമ്മാണ രംഗത്തെ സഹകരണ സംഘങ്ങൾ പ്രതിസന്ധി നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

(ഡി) പരാമാവധി 15 വർഷക്കാലാവധിക്കാണ് ഭവന വായ്പകൾ അനുവദിക്കുന്നത്. വായ്പക്കാർ കൃത്യമായി തിരിച്ചടവ് നടത്താത്തതിനാൽ സംഘങ്ങളിൽ വായ്പാ കുടിശ്ശിക വർദ്ധിച്ചു വരികയാണ്. ഭവന സംഘങ്ങൾ സാധാരണയായി ഹൗസിംഗ് ലോൺ മാത്രം നൽകുന്ന പ്രവർത്തനമാണ് നടത്തുന്നത്. നാമമാത്രമായ പലിശ മാർജിനിൽ നിന്നാണ് സംഘങ്ങളുടെ തൻചെലവും, സിൽബന്തി ചെലവും നടത്തേണ്ടത്. വായ്പക്കാർ സംഘങ്ങളിൽ അടയ്ക്കുന്ന തുകകൾ യഥാസമയം ഹൗസിംഗ് ഫെഡറേഷനിൽ അടയ്ക്കുവാൻ പല സംഘങ്ങൾക്കും സാധിക്കാതെ വരുന്നുണ്ട്. ഏതാനും സംഘങ്ങൾ ഹൗസിംഗ് ലോണിനു പുറമേ സ്ഥിര നിക്ഷേപം, ചിട്ടി, സ്വർണ്ണപ്പണയം തുടങ്ങിയ ഇടപാടുകൾ നടത്തുന്നുണ്ട്.

സർക്കാർ പ്രഖ്യാപിക്കുന്ന കുടിശ്ശിക നിർമ്മാർജ്ജന പദ്ധതികൾക്ക് അനുസൃതമായി ഹൗസിംഗ് ഫെഡറേഷൻ പിഴപ്പലിശ, പലിശ തുകകളിൽ ഇളവ് പ്രഖ്യാപിച്ചുകൊണ്ട് അംഗസംഘങ്ങൾക്ക് കുടിശ്ശിക തുകകൾ അടച്ചു തീർക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഹൗസിംഗ് ഫെഡറേഷന് സർക്കാർ വാർഷിക പദ്ധതിയിൽപ്പെടുത്തി ഓഹരി മൂലധന വിഹിതം അനുവദിച്ച് വന്നിരുന്നു. വായ്പക്കാർ സംഘങ്ങളിൽ കണക്കവസാനിപ്പിച്ചിട്ടും, ഫെഡറേഷനിൽ കണക്ക് അവസാനിപ്പിക്കാത്ത സാഹചര്യമുണ്ടായതിനാൽ കോടതികളിലും ലീഗൽ ഫോറങ്ങളിലും ധാരാളം കേസുകൾ ഫയൽ ചെയ്യപ്പെട്ടു. ആയത് പരിഹരിക്കുന്നതിനായി ഫെഡറേഷൻ സമർപ്പിച്ച പ്രോജക്റ്റ് പരിഗണിച്ച് കേരള സർക്കാരിൽ നിന്നും 2015-2016 വർഷം പലിശ രഹിത വായ്പയായി 857

ലക്ഷം രൂപ ഫെഡറേഷൻ മുഖേന സംഘങ്ങൾക്ക് നൽകുന്നതിന് അനുവദിക്കുകയുണ്ടായി. 27 സംഘങ്ങൾക്കായി ടി സംഘങ്ങളിൽ കണക്കവസാനിപ്പിച്ച വായ്പ കണക്കുകൾ ഫെഡറേഷനിൽ അവസാനി പ്പിക്കുന്നതിനാണ് ടി തുക അനുവദിച്ചത്.

സെക്ഷൻ ഓഫീസർ